Page 1 of 1

കിട്ടുന്നില്ല. പാടശേഖര കമ്മിററികളെന്നും പറഞ്ഞ് ഏർപ്പാട് ചെയ്യുന്നു. അത് നേരേ പഞ്ചാബിലും ഹരിയാനയിലും പോയിയെത്തുന്നു. കൃഷിക്കാരന്റെ കയ്യിൽ ഒന്നും എത്തുന്നില്ല. എല്ലാം മററാളുകളുടെ കയ്യിലാണ് എത്തുന്നത്. കീടനാശിനികൾക്ക് നികുതി ഒഴിവാക്കിക്കൊടുത്തുവെന്ന് പറഞ്ഞു. ഇതിന്റെ സബ്സിഡി കൃഷിക്കാരന്റെ കയ്യിലെത്തുന്ന സംവിധാനമുണ്ടെങ്കിൽ അത് കൃഷിക്കാരെ സഹായിക്കും. വളത്തിന് സബ്സിഡി കമ്പനിക്കാർക്ക് കൊടുക്കുന്നതുപോലെയുള്ള ഏർപ്പാടല്ലാതെ യഥാർത്ഥ കൃഷിക്കാരന്റെ കൈയിലെത്തുന്ന രീതിയിലുള്ള സംവിധാനം ചെയ്യുകയാണെങ്കിൽ ഞങ്ങൾ സന്തോഷിക്കുമായിരുന്നു. അങ്ങനെ ഈ ആളുകളെ പററിക്കുന്ന ഈ ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## XII. റൂളിംഗ്

### ഓഫീസേഴ്സ് ഗ്യാലറിയിൽ ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യം സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ..............ഓർഡർ..........ബഡ്ജററിൻമേലുള്ള പൊതു ചർച്ച നടക്കുന്ന സന്ദർഭത്തിൽ ഓഫീസേഴ്സ്

2 P. M.] ഗ്യാലറിയിൽ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻമാർ ആരുംതന്നെ ഇല്ലെന്നും ഇതു സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണമെന്ന പ്രശ്നം ഇവിടെ ഉന്നയിക്കപ്പെട്ടു. ബഡ്ജററിന്റെ ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ചാവേളയിൽ ഏത് ധനാഭ്യർത്ഥനയുടെ ചർച്ചയാണോ നടക്കുന്നത് അത് സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പദ്ധ്യക്ഷനും ഗവൺമെൻറ് സെക്രട്ടറിയും ഓഫീസേഴ്സ് ഗ്യാലറിയിൽ നിർബന്ധമായി ഉണ്ടായിരിക്കണമെന്നും പൊതു ചർച്ചാ വേളയിൽ ചീഫ് സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും മററ് സെക്രട്ടറിമാരും ഓഫീസേഴ്സ് ഗ്യാലറിയിൽ സന്നിഹിതരായിരിക്കണമെന്നും ചെയർ ഇതിനുമുമ്പ് രണ്ടു തവണ റൂൾ ചെയ്തിട്ടുണ്ട്. ഈ റൂളിംഗ് ഒരിക്കൽക്കൂടി ആവർത്തിക്കുവാനും ഇതനുസരിച്ച് പ്രവർത്തിക്കാത്തപക്ഷം അതിനെ ഗൗരവമായ വീഴ്ചയായി കണക്കാക്കാവുന്നതാണെന്ന് ചൂണ്ടിക്കാണിക്കാനും ചെയർ ആഗ്രഹിക്കുന്നു.

## XIII. ധനകാര്യം—(തുടർച്ച)

### 1994-95-ലെ ബഡ്ജററിലേയ്ക്കുള്ള ഫൈനൽ സപ്ലിമെൻററി ഗ്രാൻറിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

ശ്രീ. ജോണി നെല്ലൂർ: സർ, ഒരു പുതിയ സൂര്യോദയത്തിന്റെ നിഴലിൽ ആരംഭിച്ചിരിക്കുന്ന ഈ സമ്മേളനത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ സി.വി. പത്മരാജൻ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ സഭയിൽ മാത്രമല്ല, കേരളത്തിൽ അങ്ങോളമിങ്ങോളം ഒരു മാററത്തിന്റെ കാഹളനാദം മുഴങ്ങികേൾക്കുകയാണ്. ഈ കാഹളനാദം മുഴങ്ങിക്കേൾക്കുമ്പോൾ ഇവിടെ ഐക്യജനാധിപത്യമുന്നണി തകരുമെന്നും ഒരു പുതിയ ഭരണസംവിധാനത്തിലേക്ക് കടന്നുവരാമെന്നുമൊക്കെ വ്യാമോഹിച്ചിരുന്ന എൽ.ഡി.എഫ്. ഇന്നു നിരാശയുടെ പടുകുഴിയിലാണ്. അവർ ഇന്നിവിടെ ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ ആ നിരാശ ഇവിടെ പ്രതിഫലിച്ചുകണ്ടു. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ വളരെയേറെ നല്ല കാര്യങ്ങൾ ഉണ്ട്. ചില ചീത്ത കാര്യങ്ങളുമുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. കഴിഞ്ഞ മൂന്നര വർഷക്കാലം

LIBRARY ARCHIVES Kerala Legislative Assembly